# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**2019-ഒക്ടോബർ 29, ചൊവ്വ**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യങ്ങൾ**
**29.10.2019-ന് മറുപടി നൽകേണ്ടത്**

**കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്**

| | ചോദ്യം -നം.498 | മറുപടി |
|---|---|---|
| | **ശ്രീ.ടി.വി. ഇബ്രാഹിം** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ | പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് വിനിയോഗിക്കുന്നതിനെ കുറിച്ച് ഗൈഡ് ലൈൻ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | പൊതുമേഖലാ/സ്വകാര്യ കമ്പനികൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് വിനിയോഗിക്കേണ്ടത് കമ്പനീസ് ആക്ട്, 2013-ലെ സെക്ഷൻ 135 പ്രകാരമാണ്. സെക്ഷൻ 135 അനുസരിച്ച് താഴെ പറയുന്ന കമ്പനികൾക്ക് സി.എസ്.ആർ നിയമം ബാധകമാണ്.<br>1) 1000 കോടി രൂപയോ അതിനു മുകളിലോ വിറ്റുവരവ് ഉള്ളവ.<br>2) 500 കോടിയോ അതിനു മുകളിലോ Net Worth ഉള്ളവ.<br>3) 5 കോടിയോ അതിനു മുകളിലോ അറ്റാദായം ഉള്ളവ.<br>സി.എസ്.ആർ ഫണ്ട് വിനിയോഗിക്കേണ്ടത് കമ്പനീസ് ആക്ട്, 2013-ന്റെ ഷെഡ്യൂൾ VII-ൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കായിരിക്കണം. അറ്റാദായത്തിന്റെ 2 ശതമാനത്തിൽ കുറയാത്ത തുകയാണ് സി.എസ്.ആറിനു വേണ്ടി ചെലവഴിക്കേണ്ടത്. മുകളിൽ സൂചിപ്പിച്ച 3 നിബന്ധനകളിൽ ഏതെങ്കിലുമൊന്ന് പിൻതുടരുന്ന കമ്പനികൾ സി.എസ്.ആർ ഫണ്ട് വിനിയോഗിക്കാൻ ബാദ്ധ്യസ്ഥമാണ്. അപ്രകാരം 5 കോടിയോ മുകളിലോ അറ്റാദായം ഉള്ള എല്ലാ പൊതുമേഖലാ/സ്വകാര്യ കമ്പനികളും സി.എസ്.ആർ ഫണ്ട് ചെലവഴിക്കണമെന്ന് നിർബന്ധമുണ്ട്. ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പ് ഗൈഡ് ലൈൻ പുറത്തിറക്കിയിട്ടില്ല. |
| ബി | സി.എസ്.ആർ ഫണ്ട് ലാഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളും ചെലവഴിക്കണമെന്നു നിർബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | |

| | | |
|---|---|---|
| സി | 2018-19 വർഷം സി.എസ്.ആർ ഫണ്ട് ചെലവഴിച്ച സ്ഥാപനങ്ങളുടെ പട്ടിക, ചെലവഴിച്ച തുക, ഏറ്റെടുത്ത പദ്ധതികൾ എന്നിവ വിശദമാക്കാമോ; | 2018-19 വർഷം സി.എസ്.ആർ ഫണ്ട് ചെലവഴിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ 2018-19-ലെ പ്ലാനിംഗ് (ബി.പി.ഇ) വകുപ്പിന്റെ ബി.പി.ഇ റിവ്യൂ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിന്റെ വിശദാംശങ്ങൾ ടി വകുപ്പ് ശേഖരിച്ചു വരുന്നുണ്ട്. |
| ഡി | സി.എസ്.ആർ ഫണ്ടുകളുടെ വിനിയോഗത്തിന്റെ മേൽനോട്ടത്തിന് ഏതെങ്കിലും തരത്തിലുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സർക്കാർ തലത്തിൽ പ്രത്യേക ക്രമീകരണം ഇല്ല. |

**അക്കൗണ്ട്സ് ഓഫീസർ**